## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :5447      01.07. 2019 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ബാധ്യത

ചോദ്യം

ശ്രീ.അൻവർ സാദത്ത്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലുള്ള ബാധ്യത എത്രയാണ്; | (എ) ദീർഘകാല വായ്പയും, ഹ്രസ്വകാലവായ്പയും, ഓവർ ഡ്രാഫ്റ്റും ചേർത്ത് 31.03.2019 – വരെയുള്ള ബാധ്യത 7792.56 കോടി രൂപയാണ്. |
| (ബി) ചെലവിന് ആനുപാതികമായി വൈദ്യുതി ചാർജ്ജ് വർദ്ധനനടപ്പിലാക്കാത്തതാണ് വൈദ്യുതി ബോർഡിന്റെ ബാധ്യതയേറുന്നതിന് പ്രധാനകാരണം എന്ന് വിലയിരുത്തുന്നുണ്ടോ എങ്കിൽ വൈദ്യുതിയുടെ വിലവർദ്ധനവിനായി റെഗുലേറ്ററി കമ്മീഷനെ ബോർഡ് സമീപിച്ചിട്ടുണ്ടോ;വിശദമാക്കാമോ; | (ബി) ഉണ്ട്; സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് പരിഷ്കരണ ഉത്തരവുകളിലൂടെ റവന്യൂകമ്മിയുടെ (ARR & ERC ഉത്തരവിലൂടെ നിജപ്പെടുത്തുന്ന) ഒരു ഭാഗം മാത്രമേ, നികത്തി തരുവാൻ അനുവദിക്കുന്നുള്ളൂ. അമിതമായ താരിഫ് വർദ്ധനവ് ഉണ്ടാകാതിരിക്കാൻ ബാക്കി തുക പിൽകാലത്തേക്ക് മാറ്റി വയ്ക്കുന്നു.<br><br>സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, പുറപ്പെടുവിച്ചിട്ടുള്ള ട്രൂയിങ് അപ്പ് ഉത്തരവു പ്രകാരം, 2016-17 വരെയുള്ള നികത്തപ്പെടാത്ത റവന്യൂ കമ്മി 6734.17 കോടി രൂപയാണ്.<br><br>കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള താരിഫ് പോളിസി പ്രകാരം താരിഫ് റിവിഷനിലൂടെ നികത്തപ്പെടാത്ത റവന്യൂകമ്മി, ഏഴു വർഷം കൊണ്ട് താരിഫ് പരിഷ്കരണത്തിലൂടെ നികത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>കാലാകാലങ്ങളായി നികത്തപ്പെടാത്ത റവന്യൂകമ്മി വൈദ്യുതി ബോർഡിന്റെ കടബാധ്യത അമിതമായി വർദ്ധിക്കുവാൻ ഇടയാക്കിയതും, താരിഫ് പോളിസിയിലെ നിർദ്ദേശവും കൂടി കണക്കിലെടുത്ത് 31.10.2018 – ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മൾട്ടി ഇയർ താരിഫ് പെറ്റീഷനിൽ പ്രതീക്ഷിത കമ്മിയോടൊപ്പം, നികത്തപ്പെടാത്ത റവന്യൂകമ്മിയുടെ ഒരു വിഭാഗവും കൂടി ചേർത്ത് 2018-19 – ൽ 1100.77 കോടി രൂപ താരിഫ് പരിഷ്കരണത്തിലൂടെ നികത്തിതരണമെന്നുള്ള നിർദ്ദേശമാണ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരണ നടപടികളുടെ അന്തിമഘട്ടത്തിലാണ്. |
| (സി) കേരള വാട്ടർ അതോറിറ്റി എന്ത് തുകയാണ് നിലവിൽ വൈദ്യുതി കുടിശ്ശികയായി നൽകുവാനുള്ളത്; ഇത് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഈ വർഷം എന്ത് തുക ലഭിച്ചു? | (സി) ഗവൺമെന്റ് ഉത്തരവ് നമ്പർ. GO(Rt) No. 10/2019/-Power dated 14.01.2019 പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 30.09.2018 വരെയുള്ള വൈദ്യുതി കുടിശ്ശിക (പലിശ ഉൾപ്പെടെ)1326.69 കോടി രൂപ 2019-20 മുതൽ നാലു വാർഷിക തവണകളായി (@₹331.67 കോടി രൂപ) വൈദ്യുതി ബോർഡിന് നൽകുവാൻ ഉത്തരവായി. ഇതിൽ 2019-20 സർക്കാരിന്റെ |

| | |
|---|---|
| | വാർഷിക ബഡ്ജറ്റിൽ 331.67 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. 01.10.2018 മുതൽ 20.05.2019 വരെ കേരള വാട്ടർ അതോറിറ്റി 110.12 കോടി രൂപ കൂടി അടവാക്കിയിട്ടുണ്ട്. 3/2019 ൽ കണക്കാക്കിയിട്ടുള്ള കുടിശ്ശിക പ്രകാരം 153.79 കോടി രൂപയാണ് കേരള വാട്ടർ അതോറിറ്റി വൈദ്യുതി കുടിശ്ശികയായി കെ.എസ്.ഇ.ബി.എൽ. ന് നൽകാനുള്ളത്. |

സെക്ഷൻ ഓഫീസർ